STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.67/PR/SPMC/PHQ/2022 Date: 24.02.2022

## വധശ്രമക്കേസിൽ ഇന്റർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ച തൃശ്ശൂർ സ്വദേശി പിടിയിൽ

വധശ്രമമുൾപ്പെടെ പത്തോളം ക്രിമിനൽ കേസുകളിലെ പ്രതിയെ ചേലക്കര പോലീസ് ഇന്റർപോളിന്റെ സഹായത്തോടെ പിടികൂടി. തൃശൂർ പാലക്കാട് ചേലക്കര അന്തിക്കാട്ട് വീട്ടിൽ ഗോപാലകൃഷ്ണൻ ആണ് അറസ്റ്റിലായത്.

കുറ്റകൃത്യങ്ങൾ നടത്തിയ ശേഷം വിദേശത്തേക്ക് കടന്ന ഇയാൾക്കായി ഇന്റർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇയാൾ യു.എ.ഇ പോലീസിന്റെ പിടിയിലായ വിവരം സി.ബി.ഐ മുഖാന്തിരം സ്റ്റേറ്റ് ഇന്റർപോൾ ലെയിസൺ ഓഫീസർ കൂടിയായ ക്രൈംബ്രാഞ്ച് ഐ.ജി കെ.പി.ഫിലിപ്പിനെ അറിയിച്ചതോടെയാണ് അറസ്റ്റിന് വഴി തെളിഞ്ഞത്. യു.എ.ഇയിൽ നിന്ന് ന്യൂഡെൽഹിയിൽ എത്തിച്ച ഇയാളെ ചേലക്കര പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ആനന്ദ്.കെ.പിയുടെ നേതൃത്വത്തിലുള്ള സംഘം ന്യൂഡെൽഹിയിലെത്തി കസ്റ്റഡിയിലെടുക്കുകയായിരുന്നു.

കുറ്റകൃത്യം നടത്തി വിദേശത്തേക്ക് കടക്കുന്നവർക്കെതിരെ റെഡ്നോട്ടീസ് പുറപ്പെടുവിക്കുന്നത് സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ആരംഭിച്ച ഇന്റർനാഷണൽ ഇൻവെസ്റ്റിഗേഷൻ കോ ഓർഡിനേഷൻ ടീമാണ്. ക്രൈംബ്രാഞ്ച് എ.ഡി.ജി.പി എസ്.ശ്രീജിത്തിനാണ് ടീമിന്റെ മേൽനോട്ടം.

*************************